# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കൽ</u>

T.3068 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിതരണസമ്പ്രദായം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സപ്ലൈകോയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വിപണി ഇടപെടല്‍ പദ്ധതി</u>

3069 ശ്രീ. ഷാഫി പറമ്പില്‍
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ വിപണി ഇടപെടല്‍ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) ഇത്തരം സാധനങ്ങള്‍ കുറഞ്ഞ നിരക്കിലും ജനങ്ങള്‍ക്ക് താങ്ങാനാവുന്ന വിലയിലും നല്‍കാന്‍ പദ്ധതിയില്‍ സൗകര്യമൊരുക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം</u>

3070 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, വി. ചെന്താമരാക്ഷന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യവസ്തുക്കള്‍ക്ക് സബ്സിഡി നല്‍കി, കുതിച്ചുയരുന്ന വിലക്കയറ്റത്തില്‍ നിന്ന് ആശ്വാസം നല്‍കുന്നത് അനാവശ്യമാണെന്ന നിലപാടില്‍ നയം വ്യക്തമാക്കുമോ;

(ബി) വിലക്കയറ്റത്തില്‍ നിന്ന് ജനങ്ങള്‍ക്ക് തെല്ലെങ്കിലും ഉണ്ടായിരുന്ന ആശ്വാസം ഇല്ലാതാക്കിയത് പെട്രോളിയം ഉല്പന്നങ്ങള്‍, ഭക്ഷ്യവസ്തുക്കള്‍, വളം, പാചകവാതകം തുടങ്ങിയ അവശ്യവസ്തുക്കള്‍ക്കനുവദിച്ചുകൊണ്ടിരുന്ന സബ്സിഡി കേന്ദ്ര സര്‍ക്കാര്‍ വേണ്ടെന്ന് വെച്ചത് മൂലമാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഈ ദിശയിലുള്ള നീക്കം അവസാനിപ്പിക്കുവാനും, കമ്പോളത്തില്‍ ശക്തമായി ഇടപെട്ട്, ജനങ്ങള്‍ക്ക് ആശ്വാസം നല്‍കാനും തയ്യാറാകുമോ;

(സി) വിലക്കയറ്റം ഉണ്ടാക്കുന്ന നയസമീപനങ്ങള്‍ക്കെതിരെ കേന്ദ്രസര്‍ക്കാരില്‍ സമ്മര്‍ദ്ദം ചെലുത്തുമോ?

## കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ബയോ–മെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണസമ്പ്രദായം</u>

3071 ശ്രീ. ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ബയോ–മെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണസമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നത്?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സുതാര്യവൽകൃത പോർട്ടൽ</u>

3072 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുതാര്യവൽകൃത പോർട്ടൽ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നത്?

## കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി</u>

3073 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ്, പുതുവൽസരക്കാലത്ത് വിപണിയിൽ ഇടപെടുന്നതിനും നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അതിനായി എത്ര തുക അനുവദിച്ചുവെന്നും വിപണി വിലയെക്കാൾ എത്ര വിലകുറച്ചാണ് സപ്ലൈകോ സാധനങ്ങൾ ലഭ്യമാക്കിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി</u>

3074 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പ്ലൈകോ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം തകിടം മറിഞ്ഞത് വിലക്കയറ്റം രൂക്ഷമാക്കിയിട്ടുണ്ടോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സബ്സിഡി നൽകിയ വകയിൽ സിവിൽ സപ്ലൈസ് വകുപ്പിന് എത്ര കോടി രൂപ സർക്കാർ സഹായം നൽകാനുണ്ട്; എത്ര കോടി രൂപ നൽകി; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള നടപടികൾ</u>

3075 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ, നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കിവരുന്നത്;

(സി) തുറന്ന മാർക്കറ്റിലെ വിലനിലവാരം നിയന്ത്രിച്ചുകൊണ്ടുവരിക എന്ന കാഴ്ചപ്പാടിൽനിന്ന് സിവിൽ സപ്ലൈസ് വകുപ്പ് പിൻമാറിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വിപണി വില നിയന്ത്രണ സംവിധാനം</u>

3076 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സപ്ലൈകോ ഒഴികെയുള്ള സ്ഥാപനങ്ങളെ വിപണി വില നിയന്ത്രണ സംവിധാനത്തിൽ നിന്നും വിലക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**28.01.2014–ലെ മറുപടിക്ക്**

<u>സപ്ലൈകോ – ക്വാളിറ്റി മാനേജർ</u>

3077 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സാധന ഗുണനിലവാര പരിശോധനയ്ക്കായി എത്ര ക്വാളിറ്റി മാനേജർമാർ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ ഗുണനിലവാര പരിശോധനക്കായി എന്തു ബദൽ സംവിധാനമാണ് നിലവിൽ ഉള്ളത്;

(ഡി) ക്വാളിറ്റി മാനേജർമാരുടെ സ്ഥിരം നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയൽ</u>

3078 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരിഞ്ചന്ത, പുഴ്ത്തി വയ്പ് എന്നിവ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; ഇതുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് എടുത്തിട്ടുള്ളത് എന്ന് ഓരോ കേസിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഓരോ കേസിലും ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

## ന്യായ വില ഹോട്ടൽ

3079 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ സാധനങ്ങൾക്കും ഗ്യാസ് സിലിണ്ടറുകൾക്കും അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം മൂലം ഹോട്ടലുകളിൽ ലഭിക്കുന്ന ഭക്ഷണസാധനങ്ങൾക്ക് ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടൽ ഭക്ഷണത്തെ ആശ്രയിച്ചു ജീവിക്കുന്ന സാധാരണക്കാർക്കും സർക്കാർ ജീവനക്കാർ ഉൾപ്പെടെയുളളവർക്കും വിലവർദ്ധനവ്മൂലം വൻ സാമ്പത്തിക ചെലവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഹോട്ടൽ ഭക്ഷണം കഴിക്കുന്നവർക്ക് ന്യായവിലയിൽ ഭക്ഷണം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഒരു താലൂക്ക് കേന്ദ്രത്തിൽ കുറഞ്ഞത് ഒന്ന് എന്ന തരത്തിൽ സബ്സിഡിയോടുകൂടി ന്യായവിലഹോട്ടൽ നടത്തുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത്തരം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുളളത്; ഇവയുടെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിട്ടുളളത്; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാനും താലൂക്കുകളിൽ ഒന്ന് എന്നതിനുപകരം ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒന്ന് എന്ന തരത്തിൽ, ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ഇത്തരം ഹോട്ടലുകൾ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ?

# കേരള നിയമസഭ
# 28.01.2014–ലെ മറുപടിക്ക്

<u>നെല്ല് സംഭരണ കുടിശ്ശിക</u>

3080 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് നൽകിയ വകയിൽ സംസ്ഥാനത്തെ കർഷകർക്ക് നൽകാനുള്ള കുടിശ്ശികതുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നല്കാമോ;

(ബി) എത്ര നെല്ലാണ് സംസ്ഥാനത്താകെ 2013 ൽ കർഷകരിൽ നിന്നും സംഭരിച്ചത്; സംഭരിച്ച നെല്ലിന് എത്ര രൂപ വില വരും; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്പോൾ കർഷകർക്ക് പണം കുടിശ്ശികയുള്ളത് എന്ന് നെല്ല് നൽകിയ വകയിലുള്ളതാണ്;

(ഡി) സഹകരണ ബാങ്കിലെ അക്കൗണ്ടിൽ കർഷകർക്ക് പണം നൽകിയിരുന്നത് ദേശസാൽകൃതബാങ്ക് വഴിയാക്കിയിട്ടുണ്ടോ; ഇത് കർഷകർക്ക് ബുദ്ധിമുട്ടാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ചാലക്കുടിയിൽ താലൂക്ക് സപ്ലൈ ഓഫീസ്

3081 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>പൊതുവിതരണ സമ്പ്രദായം</u>

3082 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണകേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) പൊതുവിതരണസമ്പ്രദായത്തിലൂടെ ഇപ്പോൾ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളോടൊപ്പം മറ്റ് നിത്യോപയോഗ സാധനങ്ങൾ കൂടി വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ഭക്ഷ്യവസ്തുക്കളാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ഇന്ധനവില നിലവാരവും നികുതിയും</u>

3083 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നപ്പോൾ മണ്ണെണ്ണയുടെ വില എത്രയായിരുന്നു; ആയത് ഇപ്പോൾ എത്ര;

(ബി) പ്രസ്തുത വർദ്ധനവിലൂടെ പെട്രോൾ, ഡീസൽ, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ നികുതിയിനത്തിൽ 2011–12, 2012–13, 2013 ഡിസംബർ 31 വരെ സിവിൽ സപ്ലൈസ് വകുപ്പ് എത്ര തുക സർക്കാരിന് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഗ്യാസ് സിലിണ്ടറുകൾ ലഭിക്കാൻ 'ആധാർ കാർഡ്' നിർബന്ധമാക്കിയതായി സംസ്ഥാന/കേന്ദ്ര സർക്കാറുകൾ എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതു നടപ്പിലാക്കുന്നതുമൂലം സംസ്ഥാന/കേന്ദ്ര സർക്കാരുകൾക്ക് ലഭിക്കുന്ന വരുമാനം എത്ര;

(ഇ) പത്തനംതിട്ട ജില്ലയിൽ നാളിതുവരെ സബ്സിഡി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എത്ര പേർക്ക് ആകെ എത്ര തുകയുടെ സബ്സിഡിയാണ് ലഭിക്കേണ്ടത്; വ്യക്തമാക്കുമോ;

(എഫ്) ഡീസൽ, പെട്രോൾ, മണ്ണെണ്ണ, ഗ്യാസ് സിലിണ്ടർ എന്നിവയുടെ 'സംസ്ഥാന നികുതികൾ' പൂർണ്ണമായും ഒഴിവാക്കുന്ന കാര്യം ഭക്ഷ്യ/സിവിൽ സപ്ലൈസ് വകുപ്പ് പരിഗണിയ്ക്കുമോ; വിശദമാക്കുമോ;

(ജി) സുപ്രീംകോടതിയുടെ അന്തിമതീരുമാനം വരുന്നതുവരെ ആധാർ അടിസ്ഥാനത്തിൽ ഗ്യാസ് നല്കൽ രീതി നിറുത്തിവയ്ക്കാൻ എന്തു നടപടികൾ സ്വീകരിയ്ക്കും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>എഫ്. എം. പി. ഡി. എസ്. പദ്ധതി</u>

3084

ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഫ്. എം. പി. ഡി. എസ്. നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>'അരിക്കട' പദ്ധതി</u>

3085 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിപണിയിൽ അരിവില പിടിച്ചു നിർത്തുന്നതിനായി ആരംഭിച്ച അരിക്കട പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ;

(ബി) സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്ന് കിട്ടേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) അരിക്കട പദ്ധതിയുടെ സബ്സിഡി നൽകുന്നതിനായി ഇപ്പോഴത്തെ ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തുമോ ?

**കേരള നിയമസഭ**
**28.01.2014–ലെ മറുപടിക്ക്**

<u>റേഷന്‍ സാധനങ്ങളുടെ കടത്ത്</u>

3086 ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുടെ കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ്;

(ബി) റേഷന്‍ കടകളില്‍ നിന്ന് ഗുണഭോക്താക്കള്‍ കൈപ്പറ്റാത്ത ഭക്ഷ്യ വസ്തുക്കള്‍ മറിച്ചു വില്ക്കുന്നില്ലെന്ന് ഉറപ്പുവരുത്താന്‍ എന്തു സംവിധാനമാണ് നിലവില്‍ ഉളളത്;

(സി) റേഷന്‍ കടകളിലെ സ്റ്റോക്ക് രജിസ്റ്ററും ഉപഭോക്താക്കളുടെ കാര്‍ഡുകളും നിശ്ചിത ഇടവേളകളില്‍ പരിശോധിക്കുന്നതിനും തിരിമറി നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>സബ്സിഡി അക്കൗണ്ട് വഴി നൽകുന്നതിന് സംവിധാനം</u>

3087 ശ്രീ. എം. ഉമ്മർ
,, പി.കെ. ബഷീർ
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് നൽകുന്ന സബ്സിഡികൾ പണമായി അക്കൗണ്ട് വഴി നൽകുന്നതിന് പരീക്ഷണാർത്ഥം ഏർപ്പെടുത്തിയ സംവിധാനത്തിന്റെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച കണ്ടെത്തലുകളുടെ വിശദവിവരം നൽകാമോ;

(ബി) ഇത് സംബന്ധിച്ച് ഗുണഭോക്താക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ ഉന്നയിച്ചിട്ടുള്ള പ്രധാനപ്രശ്നങ്ങൾ വ്യക്തമാക്കുമോ;

(സി) അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഉത്സവകാലങ്ങളിലെ കേന്ദ്ര അരിവിഹിതം</u>

3088 ശ്രീ. എം. എ. ബേബി
'' എം. ഹംസ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ക്രിസ്തുമസ് ആഘോഷത്തിനായി കേന്ദ്രം കൂടുതൽ അരി അനുവദിക്കുകയുണ്ടായോ; എങ്കിൽ അനുവദിച്ച അരിയുടെ അളവ് വെളിപ്പെടുത്താമോ;

(ബി) അനുവദിച്ച അരിവിഹിതം ഏറ്റെടുക്കുകയുണ്ടായോ; ഇത് ക്രിസ്തുമസ് കാലയളവിൽ റേഷൻ കടകൾ വഴി വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഓണക്കാലത്ത് അധിക വിഹിതമായി അനുവദിച്ച ഭക്ഷ്യധാന്യം ഏറ്റെടുക്കാൻ കഴിയാതിരുന്നിട്ടുണ്ടോ; അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ അളവും ഏറ്റെടുത്തതിന്റെ കണക്കും ലഭ്യമാണോ; ഏറ്റെടുക്കാൻ കഴിയാതെ പോയതെത്ര;

(ഡി) മുൻവർഷങ്ങളിൽ ആഘോഷ വേളകളിൽ അനുവദിച്ചിരുന്ന സ്പെഷ്യൽ പഞ്ചസാര ഇത്തവണത്തെ ക്രിസ്തുമസിന് ലഭിക്കുകയുണ്ടായോ; എങ്കിൽ ലഭിച്ചതും വിതരണം ചെയ്തതുമായ പഞ്ചസാരയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഉത്സവകാലത്ത് റേഷൻകടകളിലൂടെ വിതരണം ചെയ്യേണ്ട അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും ഏറ്റെടുത്ത് യഥാസമയം വിതരണം ചെയ്യാത്തതു ഓണം-ക്രിസ്തുമസ് കാലയളവിൽ പൊതുവിപണിയിൽ വിലവർദ്ധനവിന് ആക്കം കുട്ടിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 28.01.2014–ലെ മറുപടിക്ക്

<u>റേഷൻകടകൾവഴി വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾ</u>

3089 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജനുവരി മുതൽ 2012 ഡിസംബർ വരെയും 2013 ജനുവരി മുതൽ 2013 ഡിസംബർ വരെയും റേഷൻകടകൾവഴി വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ ആകെ അളവ് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ</u>

3090 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ 2013 ജൂൺ മുതൽ ഓരോ മാസവും എ. പി. എൽ, ബി. പി. എൽ, എസ്. എസ്. കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ഏതൊക്കെ എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) പൊതുവിതരണ കേന്ദ്രങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ സബ്സിഡി ബാങ്കുകളിലൂടെ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>അനർഹരെ ഒഴിവാക്കിയ ശേഷം ബി. പി. എൽ. ലിസ്റ്റ് പരിഷ്ക്കരണം</u>

3091

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരവധി അനർഹർ ബി. പി. എൽ. റേഷൻ കാർഡ് സ്വന്തമാക്കിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; എത്ര അനർഹരെ വീതം ഓരോ ജില്ലയിൽ നിന്നും കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അനർഹരായി ഒഴിവാക്കപ്പെട്ടവർക്കു പകരം എത്ര നിലവിലുള്ള എ. പി. എൽ. കാർഡുടമകളെയാണ് ബി. പി. എൽ. – ലേക്ക് മാറ്റി നൽകിയത്; ഇങ്ങനെ മാറ്റി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ്; ഇതിന് ആർക്കാണ് അധികാരം നൽകിയിരുന്നത്; ഇതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പി ഹാജരാക്കാമോ;

(സി) ഓരോ സപ്ലൈ ഓഫീസിനു കീഴിലും, ഫിസിക്കൽ വെരിഫിക്കേഷനുൾപ്പെടെ നടത്തി, അനർഹരായ ബി. പി. എൽ. കാർഡുകാരെ കണ്ടെത്തി അടിയന്തിരമായി അവരുടെ കാർഡുകൾ തിരുത്തുന്നതിനും, അർഹതയുള്ള മുഴുവൻ പേർക്കും ബി. പി. എൽ. കാർഡ് നൽകുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>റേഷൻ കാർഡുകളുടെ എണ്ണം</u>

3092 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകൾ നിലവിലുണ്ടെന്നതിന്റെ എ.പി.എൽ., ബി.പി.എൽ., ജില്ല എന്നിവ തിരിച്ചുള്ള കണക്കു വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള റേഷൻ കാർഡുകളുടെ എണ്ണം പൂർണ്ണമായും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, കേന്ദ്രസർക്കാർ അംഗീകരിച്ച കാർഡുകളുടെ എണ്ണം എത്രയാണെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ റേഷൻ കടകൾ</u>

3093 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന റേഷൻ കടകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യേണ്ട അവശ്യവസ്തുക്കൾ സർക്കാർ അനുവദിച്ച അളവിൽ ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റേഷൻ കടകളെ കുറിച്ച് പരാതി ലഭിച്ചുവെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ;

(സി) 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ വൈപ്പിൻ മണ്ഡലത്തിൽ ലൈസൻസ് റദ്ദ് ചെയ്യപ്പെട്ട റേഷൻ കടകൾ ഉണ്ടെങ്കിൽ അവ ഏതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>എലത്തൂർ നിയോജക മണ്ഡലത്തിലെ റേഷൻ ഷോപ്പുകൾ</u>

3094 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജകമണ്ഡലത്തിൽ പുതുതായി എത്ര റേഷൻഷോപ്പുകൾ അനുവദിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മാരക രോഗികൾക്ക് ബി. പി. എൽ. കാർഡ്</u>

T.3095

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരക രോഗികളുടെ എ. പി. എൽ. കാർഡ് ബി. പി. എൽ. കാർഡായി മാറ്റുന്നതിന് ബി. പി. എൽ. പട്ടികയിലെ ഒഴിവ് മാനദണ്ഡമാക്കുന്നതുമൂലം എ. പി. എൽ. കാർഡ് ബി. പി. എൽ. കാർഡായി മാറ്റുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കാനായി, റേഷൻ ആവശ്യങ്ങൾക്ക് ഒഴികെയുള്ള മറ്റ് ആവശ്യങ്ങൾക്ക് ബി. പി. എൽ. കാർഡ് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ എ.പി.എൽ./ബി.പി.എൽ. കാർഡ് മാറ്റം</u>

T.3096 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിന് കളക്ട്രേറ്റിൽ എത്ര അപേക്ഷകളാണ് ഉള്ളത് ; ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിലെ വിറ്റുവരവ്</u>

3097 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പല മാവേലി സ്റ്റോറുകളിലും വിറ്റുവരവ് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>മുളക്കുളം പഞ്ചായത്തിൽ മാവേലി സ്റ്റോർ</u>

3098 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ കീഴൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കെട്ടിടത്തിൽ ആരംഭിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ;

(ബി) കീഴൂർ സർവ്വീസ് സഹകരണ ബാങ്ക്, കെട്ടിടവും അനുബന്ധ ഉപകരണങ്ങളും നൽകിയിട്ടും മാവേലി സ്റ്റോർ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാവേലി സ്റ്റോർ എന്ന് തുടങ്ങാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് പഞ്ചായത്തും ബാങ്കുമായി സപ്ലൈകോ അധികൃതർ ആശയവിനിമയം ഉടൻ നടത്തുമോ; ഇതിന്റെ തടസ്സങ്ങൾ മാറ്റിയെടുക്കാൻ ശ്രമിക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കാലിച്ചാക്കുകളുടെ ഡിസ്പോസൽ</u>

3099 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകളിൽ കാലിച്ചാക്കുകൾ ഡിസ്പോസ് ചെയ്യുന്ന രീതി വിശദമാക്കുമോ;

(ബി) ചാക്കിന്റെ വില്പനയ്ക്കായി ഓപ്പൺ ടെൻഡർ ക്ഷണിക്കാറുണ്ടോ; ഇല്ലെങ്കിൽ, അതിനായി സംസ്ഥാനത്തൊട്ടാകെ ഇ-ടെൻഡറിംഗ് നടത്തി ഇടപാട് സുതാര്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പീപ്പിൾസ് ബസാറുകൾ</u>

3100 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൂപ്പർമാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇത് കൊണ്ട് ജനങ്ങൾക്കുളള പ്രയോജനം വ്യക്തമാക്കാമോ;

(ഡി) നിത്യോപയോഗ സാധനങ്ങൾ പീപ്പിൾസ് ബാസാറിൽ ലഭിക്കുന്നതിനുളള സൗകര്യം ഒരുക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വില്പനശാലകളിലെ ഉപ്പുവില്പന

3101 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകൾ വഴി ഉപ്പ് വിറ്റഴിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര തരം; ഏതെല്ലാം കമ്പനികളുടെ; ഇതു സംസ്ഥാനത്തിനു പുറത്തുനിന്നാണു വാങ്ങുന്നതെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) കല്ലുപ്പ് സംഭരിച്ചു വിതരണം നടത്തുന്ന രീതിയും, വില നിശ്ചയിക്കുന്ന മാനദണ്ഡവും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത വില്പനശാലകളിൽ കല്ലുപ്പുവിതരണം നിലച്ചിട്ടു മാസങ്ങളായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചില രോഗികൾ ഇതിനെ മാത്രം ആശ്രയിക്കുന്നതിനാൽ പൊടിയുപ്പിനൊപ്പം കല്ലുപ്പും വില്പനയ്ക്കായി ഉറപ്പുവരുത്തുമോ;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മറ്റു സർക്കാർ/സ്വകാര്യസ്ഥാപനങ്ങൾക്ക് കല്ലുപ്പ് മറിച്ചുവില്പന നടത്തുന്നുണ്ടോ; എങ്കിൽ, അതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മാവേലി ഹോട്ടലുകളിലെ വിലനിലവാരം</u>

3102 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. രാജു
,, കെ. അജിത്
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി ഹോട്ടലുകളിൽ പൊതുവിപണിയെക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് ഭക്ഷണം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഹോട്ടലുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം പുളിക്കൽ പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ</u>

3103 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്തിലെ പുതിയേടത്ത് പറമ്പിൽ മാവേലി സ്റ്റോർ അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇത് എന്നത്തേയ്ക്കു പ്രവർത്തിച്ചുതുടങ്ങുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ</u>

3104 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഏതൊക്കെ മണ്ഡലങ്ങളിൽ എത്ര സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിച്ചു;

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുവാൻ ഇതുവഴി എത്രത്തോളം സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ</u>

3105

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ന്യായവില മെഡിക്കൽ ഷോപ്പുകൾ</u>

3106 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ താലൂക്കുകളിലാണ് സപ്ലൈകോ നടത്തുന്ന ന്യായവില മെഡിക്കൽ ഷോപ്പുകൾ ഇനിയും ആരംഭിച്ചിട്ടില്ലാത്തത്;

(ബി) ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് ഇത്തരമൊരു സ്ഥാപനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത് എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഗ്യാസ് ഏജൻസികളുടെ ചൂഷണം

3107 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ചൂഷണം ഇല്ലാതാക്കാൻ സ്വീകരിച്ച നിയന്ത്രണ സംവിധാനങ്ങൾ ഏജൻസികൾ ലംഘിക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) സബ്സിഡി ആനുകൂല്യം ആധാറിന്റെ അടിസ്ഥാനത്തിൽ ബാങ്കുവഴിയാക്കുന്നതിന്റെ മറവിൽ ക്രമവിരുദ്ധമായി ഡെപ്പോസിറ്റ് പിരിക്കുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഗ്യാസ് ഏജൻസികളെ സംബന്ധിച്ച പരാതികൾ സ്വീകരിച്ച് അപ്പപ്പോൾ നടപടി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>പാചകവാതക സബ്സിഡി തുകയിൽ കുറവ്</u>

3108 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചക വാതകത്തിന് ബാങ്ക് അക്കൗണ്ടുകൾ വഴി നൽകുന്ന സബ്സിഡി തുക ആരാണ് നൽകുന്നത്; ആരുടെ അനുമതിയോടെയാണ് നൽകുന്നത്; കുറവിന് ആരാണ് ഉത്തരവാദി, വിശദമാക്കുമോ;

(ബി) ഗാർഹിക പാചകവാതക കണക്ഷന് നൽകുന്ന സബ്സിഡിയുടെ മാനദണ്ഡം അറിയാമോ; എങ്കിൽ വിശദമാക്കുമോ;

(സി) ഗാർഹിക വാചകവാതക ഉപഭോക്താക്കൾ വിതരണക്കാർക്ക് നൽകേണ്ട തുകയും അക്കൗണ്ടിൽ സർക്കാർ നൽകുന്ന സബ്സിഡി തുകയും പത്ര ദൃശ്യ മാധ്യമങ്ങൾ വഴി തുടർച്ചയായി ഉപഭോക്താക്കളെ അറിയിക്കുമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>പാചക വാതക വില</u>

3109 ശ്രീ.എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാചക ഗ്യാസിന് അമിതവില ഈടാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യം അറിവുണ്ടോ; വ്യക്തമാക്കാമോ; വിലയിൽ ഇളവ് വരുത്തുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പാചകവാതക വില വര്‍ദ്ധനയും അനന്തര ഫലങ്ങളും

3110 ശ്രീ. എസ്. ശര്‍മ്മ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാചകവാതക വില കുത്തനെ വര്‍ദ്ധിപ്പിച്ച കേന്ദ്ര സര്‍ക്കാര്‍ നടപടി സംസ്ഥാനത്തെ പാചക വാതക ഉപഭോക്താക്കളേയും പൊതുസമൂഹത്തേയും എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ സ്വീകരിച്ചിട്ടുള്ള നടപടിള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഗാര്‍ഹീക ഉപഭോക്താക്കള്‍ക്കും ഹോട്ടല്‍ ഉള്‍പ്പെടെ വാണിജ്യ മേഖലയിലെ ഉപഭോക്താക്കള്‍ക്കും ഏത് നിരക്കിലാണ് വില വര്‍ദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാചക വാതക വിലവര്‍ദ്ധന ഹോട്ടലുകളിലും ബേക്കറിയിലും ഭക്ഷണ പദാര്‍ത്ഥങ്ങളുടെ വില വന്‍തോതില്‍ ഉയരുന്നതിന് കാരണമാകും എന്ന കാര്യം അറിവുള്ളതാണോ;

(ഡി) നേരത്തെ വെട്ടിക്കുറച്ച സിലിണ്ടറുകളുടെ എണ്ണം 12 ആയി പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഗാർഹീക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ലഭിക്കുന്ന പാചകവാതകം</u>

3111 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ൽ ഓരോ ഉപഭോക്താവിനും സബ്സിഡി നിരക്കിൽ എത്ര പാചകവാതക സിലിണ്ടർ വീതം ലഭിച്ചിട്ടുണ്ട്;

(ബി) പല ഗ്യാസ് ഏജൻസികളിൽ നിന്നും 2013 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 3 മുതൽ 5 വരെ സിലിണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഗവൺമെന്റിന്റെ പ്രഖ്യാപനത്തിന് വിരുദ്ധമായി പ്രവർത്തിച്ച ഗ്യാസ് ഏജൻസികൾക്കെതിരെ സ്വീകരിച്ച നടപടി എന്താണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

പാചകവാതക സിലണ്ടറുകൾ ലഭിക്കുന്നതിലെ കാലതാമസം

3112 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് പാചകവാതക സിലണ്ടറുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പാചകവാതകം കൃത്യമായ അളവിലും തൂക്കത്തിലുമാണ് ഉപഭോക്താവിന് ലഭിക്കുന്നത് എന്ന് ഉറപ്പാക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്?

# കേരള നിയമസഭ
# 28.01.2014–ലെ മറുപടിക്ക്

<u>പാചകവാതക കണക്ഷനുള്ള ഡെപ്പോസിറ്റ് തുക</u>

3113 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റുമ്പോൾ വീണ്ടും ഡെപ്പോസിറ്റിനത്തിൽ പണം വാങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരിക്കൽ ഡെപ്പോസിറ്റ് അടച്ച് എടുത്ത കണക്ഷന് ഡെപ്പോസിറ്റടക്കം ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സമ്മതപത്രം വാങ്ങിയശേഷം വീണ്ടും ഡെപ്പോസിറ്റു വാങ്ങുന്ന നടപടി അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിലെ ഗ്യാസ് ഏജൻസികൾ</u>

3114 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എത്ര ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ ഗ്യാസ് ഏജൻസികളുടെ വിശദാംശങ്ങൾ ഉപഭോക്താക്കളുടെ എണ്ണമടക്കം വ്യക്തമാക്കുമോ;

(സി) കാസർകോട് ജില്ലയിൽ ഓരോ ഗ്യാസ് ഏജൻസിയിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും ഗ്യാസ് ഏജൻസിയും തസ്തികയും തിരിച്ച് വിശദമാക്കുമോ;

**കേരള നിയമസഭ**
**28.01.2014–ലെ മറുപടിക്ക്**

<u>ആർ.സി.എം.എസ്.ഇ വെരിഫിക്കേഷൻ സേവനങ്ങൾ</u>

3115 ശ്രീ. വി.ഡി. സതീശൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.സി.എം.എസ്.ഇ വെരിഫിക്കേഷൻ സേവനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഇത് മൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

ചാരിറ്റബിൾ സൊസൈറ്റികളിലെ തെരഞ്ഞെടുപ്പ്

3116 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരിറ്റബിൾ സൊസൈറ്റികളിലെയും ട്രസ്റ്റുകളിലെയും കമ്മിറ്റി മെംബർമാരുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് യഥാസമയം നടത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ അംഗീകൃതനിയമാവലിയിൽ തെരഞ്ഞെടുപ്പുസംബന്ധമായ കാര്യങ്ങൾക്കു വ്യവസ്ഥയില്ലെങ്കിൽ പുതിയ ഭരണസമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതസ്ഥാപനങ്ങൾ രൂപീകരിച്ച വേളയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്കും ഭാരവാഹികൾക്കും തെരഞ്ഞെടുപ്പുസംബന്ധമായ വ്യവസ്ഥ നിയമാവലിയിൽ ഇല്ലെങ്കിൽ എത്രകാലം അധികാരത്തിൽ തുടരാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>ആധാര പകർപ്പുകളുടെ ഡിജിറ്റൽ രൂപം</u>

3117 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്ക് വേണ്ടി സഹകരിക്കുന്നത് ;

(ഡി) ഈ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട് ;

(ഇ) എല്ലായിടത്തും ഇത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.01.2014–ലെ മറുപടിക്ക്

<u>സംഘങ്ങളുടെ രജിസ്ട്രേഷൻ</u>

3118 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 അനുസരിച്ച് രജിസ്ട്രേഷൻ നടത്താനും പുതുക്കാനുമുള്ള ഓഫീസ് ജില്ലാ തലത്തിൽ മാത്രമാണോ ഉള്ളത്;

(ബി) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ആധാരം എഴുത്തുകാരുടെ സമരം</u>

3119 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരമെഴുത്തുകാർ സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രക്ഷോഭങ്ങൾ നടത്തുന്നത്;

(സി) ക്രയവിക്രയ ഇടപാടുകൾ ഓൺലൈനിലേക്ക് മാറ്റുന്നത് മൂലം ആധാരമെഴുത്തുകാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; അവ പരിഹരിക്കുവാൻ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കൊളത്തൂരിൽ സബ് രജിസ്ട്രാർ ഓഫീസ്</u>

3120 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ കൊളത്തൂരിൽ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായ കെട്ടിടം നിർമ്മിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായ കെട്ടിടം പണിയുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.01.2014–ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത ചിട്ടിക്കമ്പനികൾ</u>

3121

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ചിട്ടി നിയമം നിലവിൽ വന്നശേഷം കൊല്ലം ജില്ലയിൽ എത്ര ചിട്ടി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും, ആയത് ഏതൊക്കെ സബ്‌രജിസ്റ്റാർ ഓഫീസുകളിലാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ചിട്ടി രജിസ്റ്റർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും</u>

3122 ശ്രീ. എം. ചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ
,, സി. കെ. സദാശിവൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ജീവനക്കാരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്രജിസ്ട്രാർമാരുടെ സ്ഥാനക്കയറ്റപ്പട്ടിക സംബന്ധിച്ച് പരാതി ഉയർന്നിട്ടുണ്ടോ;

(സി) അയോഗ്യരായിട്ടുള്ളവരെ പട്ടികയിൽ ഉൾപ്പെടുത്തിയതായി ആരോപണമുണ്ടായിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. നികുതി വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയാമോ;

(ഇ) രജിസ്ട്രേഷൻ ഐ.ജി., പട്ടികയിൽ നിന്ന് ഒഴിവാക്കിയ ആരോപണവിധേയർ പട്ടികയിൽ കടന്നുകൂടുവാൻ ഇടയായതെങ്ങനെയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) അടുത്ത കാലത്തായി രജിസ്ട്രേഷൻ ഐ.ജി. യെ സ്ഥലം മാറ്റുകയുണ്ടായോ; കാരണം വ്യക്തമാക്കുമോ?